പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3167 — 22.6.2012 ൽ മറുപടിയ്ക്ക്

വികലാംഗ ക്ഷേമ കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ

ചോദ്യം — മറുപടി

ശ്രീ. പി. ഉബൈദുള്ള — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വികലാംഗർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വിശദീകരിക്കാമോ; | എ) വികലാംഗക്ഷേമ കോർപ്പറേഷൻ വികലാംഗർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ താഴെ വിശദീകരിക്കുന്നു.<br>വികലാംഗർക്ക് സൗജന്യമായി സഹായ ഉപകരണം വിതരണം നടത്തുന്നു. സ്വയം തൊഴിൽ ചെയ്യുന്നതിന് സബ്സിഡിയോടുകൂടി ബാങ്ക് ലോൺ, മോട്ടോർ ഘടിപ്പിച്ച ട്രൈ സൈക്കിൾ വാഹനം വാങ്ങുന്നവർക്ക് 10,000/- രൂപ സബ്സിഡി, എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകളിൽ സംസ്ഥാനത്തും ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച എല്ലാ വിഭാഗം വികലാംഗ വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ്, വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം, തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി, വയോജനങ്ങൾക്ക് സഹായ ഉപകരണം വിതരണം ചെയ്യുന്ന പദ്ധതി, സ്വയം സഹായ സംഘങ്ങൾക്ക് 5000/- രൂപ വീതം ധനസഹായം, |

| | |
|---|---|
| (ബി)വികലാംഗർക്ക് നൽകി വരുന്ന സ്വയം തൊഴിൽ വായ്പയുടെ പരിധി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) ബാങ്ക് ലോൺ വായ്പകൾക്ക് പരിധി വർദ്ധിപ്പിക്കുവാൻ തീരുമാനമെടുക്കേണ്ടത് ദേശസാൽകൃത ബാങ്കുകളും NHFDC ലോണുകളുടെ പരിധി വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കേണ്ടത് NHFDC യും ആണ്. |
| (സി)വായ്പ കുടിശ്ശിക അടച്ചുതീർക്കാൻ കോർപ്പറേഷൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ? | (സി) കോർപ്പറേഷൻ നൽകിയ NHFDC ലോണുകൾ അടച്ച് തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ